# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **04-03-2025 - ൽ മറുപടിയ്ക്ക്**

## ക്ഷാമബത്ത കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ഡി.എ. ആണ് നൽകുന്നത്; കേന്ദ്രസർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും എന്നാൽ ആയതിന് ആനുപാതികമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകാത്തതുമായ ഡി.എ. കുടിശ്ശികയുടെ ശതമാന കണക്ക് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ 12 ശതമാനം **ക്ഷാമബത്തയാ**ണ് നൽകുന്നത്. കേന്ദ്രസർക്കാർ ജീവനക്കാർക്ക് **ക്ഷാമബത്ത** അനുവദിക്കുന്നതിന് ആനുപാതികമായിട്ടല്ല സംസ്ഥാന സർക്കാർ ജീവനക്കാർക്ക് **ക്ഷാമബത്ത അനുവദിക്കുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഒരു ഫോർമുല പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കണക്കാക്കുന്നത്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള ലേബർ ബ്യൂറോ കാലാകാലങ്ങളിൽ പ്രസിദ്ധീകരിയ്ക്കുന്ന അഖിലേന്ത്യ ഉപഭോക്തൃ വില വിവര സൂചിക (ഇൻഡസ്ട്രിയൽ വർക്കേഴ്സ്)-യുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഫോർമുല പ്രകാരമാണ് ഇത്തരത്തിൽ ക്ഷാമബത്ത കണക്കാക്കുന്നത്.**<br><br>$$\% \text{ of DA} = \frac{\text{Average AICPI for past 12 months} - 306.1}{306.1} \times 100$$ |
| (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാത്തത് പുന:പരിശോധിക്കുമോ; | (ബി) | **സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.** |
| (സി) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ഡി. എ. കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്? | (സി) | **സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി** |

| | | | |
|---|---|---|---|
| | | | **പരിഗണിച്ചു കൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ